മാറ്റാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പുതുതായി സ്ഥാപിക്കുന്ന അറവുശാല മത്സ്യമാർക്കറ്റിന് ശല്യമുണ്ടാകാത്ത തരത്തിൽ ദൂരം നൽകിയാണ് സ്ഥാപിക്കാൻ അനുവാദം നൽകി വരുന്നത്. ഇത് നവീന അറവുശാലയാണെങ്കിൽ മത്സ്യ മാർക്കറ്റിനടുത്ത് സ്ഥിതി ചെയ്യുന്നതിൽ നിന്നും സാരമായ മലിനീകരണം മത്സ്യമാർക്കറ്റൽ ഉണ്ടാകില്ല.

അനധികൃത അറവുശാലകളെ നിയന്ത്രിക്കാൻ നടപടി

111 (6029) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അനധികൃത അറവുശാലകളുടെയും കോഴി വിൽപ്പന സ്റ്റാളുകളുടെയും എണ്ണം വർദ്ധിച്ചു വരുന്നതായ സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) അംഗീകൃത അറവുശാലകളും കോഴി വിൽപ്പനശാലകളും സംസ്ഥാനത്ത് എത്ര വീതം പ്രവർത്തിക്കുന്നുവെന്നും അംഗീകാരമില്ലാത്തവ എത്ര വീതമെന്നും അറിയിക്കുമോ ;

(സി) അനധികൃതമായി പ്രവർത്തിക്കുന്ന ഇത്തരം വിൽപ്പനശാലകൾ പലതും വൃത്തിഹീനമായ സാഹചര്യത്തിലുള്ളവയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇപ്രകാരം അനധികൃതമായി പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങളെ നിയന്ത്രിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ നഗരസഭകളിൽ 34 അംഗീകൃത അറവുശാലകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ വിവിധ ഗ്രാമ പഞ്ചായത്തുകളിലായി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും സ്വകാര്യ ഉടമസ്ഥതയിലുള്ളതുമായ 31 അംഗീകൃത അറവുശാലകൾ പ്രവർത്തിക്കുന്നുണ്ട്. അംഗീകാരമുള്ള കോഴിവിൽപ്പന സ്റ്റാളുകളുടെയും അംഗീകാരമില്ലാത്ത അറവുശാലകളുടെയും കോഴിവിൽപ്പന സ്റ്റാളുകളുടെയും വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ആധുനിക സൗകര്യമില്ലാതെ പ്രവർത്തിച്ചുവന്ന അറവുശാലകളും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പനകേന്ദ്രങ്ങളും അടച്ചു പൂട്ടുന്നതിന് ബഹു. ഹൈക്കോടതി നിർദ്ദേശപ്രകാരം സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly